"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല - നെയ്യാറ്റിൻകര നഗരസഭയുടെ ഉടമസ്ഥതയിലുള്ള തീച്ചക്കുഴി കോളനിയിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനായി നഗരസഭ ഭൂമി റവന്യൂ വകുപ്പിലേക്ക് വിട്ടൊഴിയുന്നതിന് നെയ്യാറ്റിൻകര നഗരസഭയ്ക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(കൈ) നം.10/2025/LSGD തീയതി, തിരുവനന്തപുരം, 16-01-2025**

---

പരാമർശം:-

1. 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ.
2. നെയ്യാറ്റിൻകര നഗരസഭ ഭരണസമിതിയുടെ 26/05/2023 തീയതിയിലെ 19 (19) നമ്പർ തീരുമാനം.
3. താലൂക്ക് ഓഫീസർ, നെയ്യാറ്റിൻകര-യുടെ 23/06/2023 തീയതിയിലെ അനുയോജ്യത സാക്ഷ്യപത്രം.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 24.06.2023-ലെ ബി3-597302/23 (10) നമ്പർ കത്ത്.
5. വില്ലേജ് ഓഫീസർ, നെയ്യാറ്റിൻകര-യുടെ 07/06/2023 തീയതിയിലെ യഥാക്രമം 401/2023, 402/2023 നമ്പർ സാക്ഷ്യപത്രങ്ങൾ.
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04/12/2023 തീയതിയിലെ LSGD/PD/62915/2023-AR3 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ വിവിധ കോളനികളിലെ താമസക്കാർക്ക് പട്ടയം നൽകുന്നതിന്റെ ഭാഗമായി നെയ്യാറ്റിൻകര നഗരസഭയുടെ ഉടമസ്ഥതയിലുള്ള തീച്ചക്കുഴി കോളനിയുടെ ഭാഗമായി വരുന്ന ബ്ലോക്ക് നമ്പർ 23-ൽ റീസർവ്വേ നമ്പർ 113/26-ൽ ഉൾപ്പെട്ട 3.06 ആർ ഭൂമിയിലെ നിലവിലെ കൈവശക്കാരായ ശ്രീമതി സുന്ദരി ജി., ശ്രീമതി സുനിത കെ. എന്നിവർക്ക് യഥാക്രമം 1.21 ആർ ഭൂമി, 1.85 ആർ ഭൂമി വീതം പതിച്ച നൽകുന്നതിനുള്ള അനുവാദം നൽകണമെന്ന് പരാമർശം (6) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി

2) തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നഗരസഭയിൽ മരുതത്തൂർ വാർഡിലെ തീച്ചക്കുഴി കോളനി സ്ഥലം സർക്കാർ പുറമ്പോക്കാക്കി മാറ്റി കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് നഗരസഭയ്ക്ക് ആക്ഷേപമില്ലായെന്ന് നെയ്യാറ്റിൻകര നഗരസഭയുടെ പരാമർശം (2) ഭരണസമിതി തീരുമാനം പ്രകാരം അറിയിക്കുകയുണ്ടായി.

3) നെയ്യാറ്റിൻകര നഗരസഭയുടെ ഉടമസ്ഥതയിലുള്ള തീച്ചക്കുഴി കോളനിയുടെ ഭാഗമായി വരുന്ന ബ്ലോക്ക് നമ്പർ 23-ൽ റീസർവ്വെ നമ്പർ 113/26-ൽ ഉൾപ്പെട്ട 3.06 ആർ ഭൂമി നിലവിലെ കൈവശക്കാർക്ക് പതിച്ചു നൽകുന്നതിന് അനുയോജ്യമാണെന്ന് പരാമർശം (3) പ്രകാരം നെയ്യാറ്റിൻകര താലൂക്ക് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടി സാഹചര്യത്തിൽ പ്രസ്തുത ഭൂമി നിലവിലെ കൈവശക്കാർക്ക് പതിച്ചു നൽകുന്നതിന് റവന്യൂ വകുപ്പിന് വിട്ടു നൽകണമെന്ന് പരാമർശം (4) കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. പ്രസ്തുത 3.06 ആർ ഭൂമിയിൽ 1.85 ആർ ഭൂമിയും 1.21 ആർ ഭൂമിയും യഥാക്രമം ശ്രീമതി സുനിതയുടെയും ശ്രീമതി സുന്ദരിയുടെയും കൈവശത്തിലാണെന്ന് പരാമർശം (5) പ്രകാരം നെയ്യാറ്റിൻകര വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

4). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നഗരസഭയുടെ ഉടമസ്ഥതയിലുള്ള തീച്ചക്കുഴി കോളനിയുടെ ഭാഗമായി വരുന്ന ബ്ലോക്ക് നമ്പർ 23-ൽ റീസർവ്വേ നമ്പർ 113/26ൽ ഉൾപ്പെട്ട 3.06 ആർ ഭൂമി നിലവിലെ കൈവശക്കാരായ ശ്രീമതി സുന്ദരി ജി., ശ്രീമതി സുനിത കെ. എന്നിവർക്ക് യഥാക്രമം 1.21 ആർ, 1.85 ആർ ഭൂമി വീതം പതിച്ചു നൽകുന്നതിനായി 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ വകുപ്പ് 215(1), 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) നിയമങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം റവന്യൂ വകുപ്പിലേക്ക് കയ്യൊഴിഞ്ഞ് കേരള ഭൂമി വിട്ടൊഴിയൽ ചട്ടങ്ങൾ പ്രകാരം തുടർനടപടി സ്വീകരിക്കുന്നതിന് നെയ്യാറ്റിൻകര നഗരസഭയ്ക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്), കേരള, തിരുവനന്തപുരം.
നിയമ വകുപ്പ് (OPN -D3/41/2024-LAW dated 05/05/2024).
റവന്യൂ വകുപ്പ് (REV-U3/150/2024/REV dated 18/11/2024).
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ആർ.ഇ1/12/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 16-01-2025 17:38:16
സെക്ഷൻ ഓഫീസർ